**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 85** **27-06-2022 - ൽ മറുപടിയ്ക്ക്**

**ക്രമസമാധാന പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . ഷാഫി പറമ്പിൽ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | മുഖ്യമന്ത്രി രാജിവെക്കണമെന്ന് ആവശ്യപ്പെട്ട് സമരം ചെയ്തതിന്റെ പേരിൽ പ്രമുഖ പ്രതിപക്ഷ പാർട്ടി ആസ്ഥാനമന്ദിരം ആക്രമിച്ച ഒരു പ്രമുഖ ഭരണപക്ഷ രാഷ്ട്രീയ കക്ഷിയുടെ യുവജന സംഘടനാ പ്രവർത്തകർക്കെതിരെ പോലീസ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | മുഖ്യമന്ത്രി രാജിവെക്കണമെന്ന് ആവശ്യപ്പെട്ട് സമരം ചെയ്തതിന്റെ പേരിൽ പ്രമുഖ പ്രതിപക്ഷ പാർട്ടിയുടെ ആസ്ഥാനമന്ദിരം ആക്രമിപ്പിക്കപ്പെട്ട സംഭവമുണ്ടായിട്ടില്ല. വിമാനത്തിൽ വച്ച് മുഖ്യമന്ത്രിക്ക് നേരെയുണ്ടായ സംഭവത്തെ തുടർന്ന് ആസ്ഥാന മന്ദിരത്തിൽ ഉണ്ടായ പ്രശ്നങ്ങളിൽ പോലീസിന് ലഭിച്ച മൊഴിയുടെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷൻ Crime No. 613/2022 U/s 143,147,149,427 & 506 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഭരണകക്ഷിയുടെ യുവജന സംഘടനയുടെ ആക്രമണത്തിൽ സംസ്ഥാനമൊട്ടാകെയുള്ള ക്രമസമാധാന നില തകരാറിലായിരിക്കുന്നു എന്ന ആക്ഷേപം ഗൗരവപൂർവം കാണുന്നുണ്ടോ; | (ബി) | ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ക്രമസമാധാന പരിപാലനം ഉറപ്പാക്കുന്നതിനായി കർശന നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ? | (സി) | ക്രമസമാധാന പരിപാലന രംഗത്ത് നേരിടുന്ന വെല്ലുവിളികൾ കുറ്റമറ്റ രീതിയിൽ പരിഹരിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും വേണ്ടി കർശന നടപടികളാണ് സ്വീകരിച്ച് വരുന്നത്. ശക്തമായ പട്രോളിംഗ് ഏർപ്പെടുത്തിയും, കേസന്വേഷണ വിഭാഗം ശക്തിപ്പെടുത്തിയും സ്ഥിരം കുറ്റവാളികളെ നിരന്തരം നിരീക്ഷിച്ചും, മദ്യം, മയക്കുമരുന്ന് കള്ളപ്പണ സംഘങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചും 24 മണിക്കൂറും പോലീസിന്റെ സാന്നിദ്ധ്യം റോഡുകളിലും മറ്റും ഉറപ്പുവരുത്തിയും ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ക്രമസമാധാന പരിപാലനം ഉറപ്പാക്കുന്നതിനായി പോലീസ് കുറ്റകാർക്കെതിരെ രാഷ്ട്രീയ ഭേദമന്യേ ശക്തമായ നിയമ നടപടികൾ സ്വികരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ